# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1499

10.02.2020- ൽ
മറുപടിക്ക്

## പഴവർഗ്ഗകൃഷിക്കും തോട്ടഭൂമിയുടെ പരിരക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി |
| എ) പഴവർഗ തോട്ടങ്ങൾക്കും തോട്ടങ്ങളുടെ പരിരക്ഷ നൽകാൻ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി പഴവർഗ്ഗ വിളകളുടെയും തോട്ടവിളകളുടെയും വിളവിസ്തൃതി വ്യാപനമാണ് നടപ്പിലാക്കി വരുന്നത്. പഴവർഗ്ഗവിളകളായ വാഴയ്ക്കും കൈതച്ചക്കയ്ക്കും ഹെക്ടറൊന്നിന് 26750/- രൂപ, ടിഷ്യൂക്കൾച്ചർ വാഴയ്ക്ക് 37500/-രൂപ, പപ്പായയ്ക്ക് 22500/- രൂപ, മാവ്/പ്ളാവ്-ന് 18000/- രൂപ എന്ന നിരക്കിലും തോട്ടവിളയായ കശുമാവിന് 12000/- രൂപയും വിളവിസ്തൃതി വ്യാപനത്തിന് ധനസഹായമായി നൽകുന്നു. |
| ബി) സംസ്ഥാനത്തെ തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നതും തോട്ടവിളകളുടെ തുടർച്ചയായ നഷ്ടവും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളൊന്നും തന്നെ അടഞ്ഞുകിടക്കുന്നില്ല. |
| സി) നാണ്യവിളകളും പഴവർഗങ്ങളും ഉൾപ്പെടുന്ന തോട്ടങ്ങളെ സംബന്ധിച്ച് പതിനഞ്ച് ഏക്കറിൽ കൂടുതലായാലും കൈവശം വയ്ക്കാവുന്ന ഭൂമിക്ക് തോട്ടങ്ങളുടെ പരിരക്ഷ കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) ഉചിതമായി പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**